കേരള സർക്കാർ

നം.1520/ജി1/2012/തൊഴിൽ

തൊഴിലും പുനരധിവാസവും (ജി) വകുപ്പ്,
തിരുവനന്തപുരം,. തീയതി : 27.04.2013.

അഡീഷണൽ ചീഫ് സെക്രട്ടറി

എംപ്ലോയ്മെന്റ് ഡയറക്ടർ
തിരുവനന്തപുരം.

സർ,

വിഷയം :- തൊഴിലും പുനരധിവാസവും വകുപ്പ് - നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) – ശ്രീ.ആർ.ബോസ്, യു.ഡി.ക്ലാർക്ക്(ഹയർഗ്രേഡ്) സീനിയോറിറ്റി - സംബന്ധിച്ച്.

സൂചന :- എംപ്ലോയ്മെന്റ് ഡയറക്ടറുടെ 10.01.12, 24.02.12, 01.08.12, 10.12.12, 26.03.13 എന്നീ തീയതികളിലെ ജെ4/14280/10/DE നം കത്തുകൾ

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് യോഗ്യത നേടിയ ജൂനിയർ ഉള്ള പക്ഷം സീനിയർ എഴുതിയ പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ച തീയതി മുതൽക്ക് മാത്രമേ ടിയാൻ പ്രൊമോഷന് വേണ്ട യോഗ്യത നേടിയതായി കണക്കാക്കാൻ കഴിയൂ. എഴുതിയ ഡിപ്പാർട്ടുമെന്റ് പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിക്കാതെ ഒരാൾ ടി പരീക്ഷ പാസ്സായതായി കണക്കാക്കാനാവില്ല. ഈ കേസിൽ, ശ്രീ.ബോസ്, ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ 29.03.1996 ൽ നിയമിക്കപ്പെടുകയും 12/1997 ൽ പ്രൊമോഷന് ആവശ്യമായ വകുപ്പുതല പരീക്ഷകൾ പാസ്സാകുകയും 02.04.1998 പ്രാബല്യത്തിൽ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ.ബോസിന്റെ സീനിയർമാരായി 14.10.1999 ൽ ഉദ്യോഗക്കയറ്റം നൽകിയ ഏഴ് പേരിൽ 3 മുതൽ 6 വരെയുള്ള നാലുപേർ യഥാർത്ഥത്തിൽ അവർ വകുപ്പുതല പരീക്ഷ പൂർത്തിയാക്കിയ 6/98 നം റിസൾട്ട് പ്രസിദ്ധീകരിച്ച തീയ്യതിക്കും (തീയ്യതി രേഖപ്പെടുത്തിയില്ല) ഇടയിലുണ്ടായ യു.ഡി. ക്ലാർക്കിന്റെ ഒഴിവിലേക്ക് യോഗ്യനായ ജൂനിയർ ശ്രീ.ബോസ് ഉള്ളതുകൊണ്ട് ടിയാന് പ്രൊമോഷൻ നൽകുന്നതിന് മുമ്പ് പ്രൊമോട്ടു ചെയ്യപ്പെടുന്നതിന് അർഹത ഉണ്ടായിരുന്നില്ല. വകുപ്പുതല പരീക്ഷ നടന്ന ദിവസത്തിനും റിസൾട്ട് പ്രസിദ്ധീകരിച്ചതിനും ഇടയിലുണ്ടാകുന്ന യു.ഡി.ക്ലാർക്കുമാരുടെ ഒഴിവിലേക്ക് പ്രൊമോട്ട് ചെയ്യുവാൻ യോഗ്യതനേടിയ ജൂനിയർമാർ ആരും നിലവിലില്ലാത്ത സാഹചര്യത്തിൽ മാത്രമേ

സീനിയറായ ഉദ്യോഗസ്ഥന് വകുപ്പുതല പരീക്ഷ നടന്ന അവസാന ദിവസം ടെസ്റ്റ് യോഗ്യത നേടിയതായി കണക്കാക്കാനും തൊട്ടടുത്ത ദിവസം മുതൽ പ്രൊമോഷൻ നൽകുവാനും കഴിയുകയുള്ളൂ. എന്നാൽ 13.07.1998 -ലും തുടർന്നും ഉണ്ടായ യു.ഡി.ക്ലർക്കുമാരുടെ ഒഴിവിലേക്ക് യോഗ്യരായ സീനിയർമാർ ഇല്ലാത്തതിനാൽ ഇതിനോടകം ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കി പ്രൊമോഷൻ ആവശ്യമായ ടെസ്റ്റ് യോഗ്യത നേടിയ ശ്രീ.ബോസിനെ പ്രസ്തുത ഒഴിവിൽ നിയമിക്കാതിരുന്ന എംപ്ലോയ്മെന്റ് ഡയറക്ടറുടെ നടപടി മേൽ ചട്ട പ്രകാരം ക്രമവിരുദ്ധമാണ്. കൂടാതെ 13.07.1998 -ൽ ഉണ്ടായ യു.ഡി.ക്ലാർക്കിന്റെ ഒഴിവിലേക്ക് പ്രൊമോഷൻ നൽകുന്നതിന് ഏകദേശം ഒരു വർഷത്തിലധികം കാലതാമസം ഉണ്ടായതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ നാഷണൽ എംപ്ലോയ്മെന്റ് വകുപ്പിൽ (കേരളം) 13.07.1998 ഉണ്ടായ യു.ഡി.ക്ലാർക്കിന്റെ ഒഴിവിലേക്ക് പ്രസ്തുത തീയതിയിൽ പ്രൊമോഷൻ യോഗ്യത നേടിയിരുന്ന ശ്രീ.ബോസിനെ പ്രൊമോട്ട് ചെയ്യുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ യു.ഡി.ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം പുനഃക്രമീകരിച്ച് നൽകുന്നതിനും നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച നടപടി റിപ്പോർട്ട് സർക്കാരിലേക്ക് അയച്ചു തരേണ്ടതാണ്.

വിശ്വസ്തതയോടെ,

രാമൻകുട്ടി.സി
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ